**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 4** **23-01-2025 - ൽ മറുപടിയ്ക്ക്**

**വാഹനാപകടങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ കാര്യകാരണങ്ങളെക്കുറിച്ച് മുഖ്യമന്ത്രിതലത്തിൽ അവലോകനം നടത്തി പ്രശ്നപരിഹാരത്തിന് സമഗ്രമായ ഇടപെടൽ നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>2023ൽ ചേർന്ന ഗതാഗത സുരക്ഷാ അവലോകന യോഗം സംസ്ഥാനത്തെ റോഡുകൾ ശാസ്ത്രീയമായി ഡിസൈൻ ചെയ്യേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിരുന്നു. അതോടൊപ്പം ഇത്തരം റോഡുകളുടെ നിർമ്മാണം അപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിന് പ്രധാന മാർഗ്ഗമാണെന്നും നിരീക്ഷിച്ചു.<br><br>ഭാവിയിൽ നിർമ്മിക്കുന്ന റോഡുകളും, ജംഗ്ഷനുകളും, പൊതുഗതാഗത സംവിധാനങ്ങളും ആസൂത്രണം ചെയ്യുന്നതിന് IRC, MoRTH മാനദണ്ഡങ്ങൾ പാലിക്കണമെന്ന് നിർദ്ദേശിച്ചു.<br><br>ഇതിന്റെ വെളിച്ചത്തിൽ കൂടുതൽ അപകടമരണങ്ങൾ ഉണ്ടായിട്ടുള്ള സ്ഥലങ്ങൾ ഇതര വകുപ്പുകളുമായി ചേർന്ന് പരിശോധന നടത്തി അപകടങ്ങൾ ഒഴിവാക്കുന്നതിനുതകുന്ന റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ നടപ്പാക്കിവരുന്നു.<br><br>തുടർച്ചയായി അപകടങ്ങൾ സംഭവിക്കുന്ന ‘ബ്ലാക്ക് സ്പോട്ടുകൾ’ അപകടരഹിതമാക്കുന്നതിന് ‘ബ്ലാക്ക് സ്പോട്ട് മാനേജ്മെന്റ് സ്റ്റഡി’ എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>ബ്ലാക്ക്സ്പോട്ട് ഇടനാഴികളിൽ ഹ്രസ്വകാല തിരുത്തൽ പ്രവർത്തികളും, ഗതാഗത നിയമ ലംഘനങ്ങൾ തടയുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.<br><br>പൊതുമരാമത്ത് റോഡുകളിലെ 93 ബ്ലാക്ക്സ്പോട്ടുകളിൽ ഹ്രസ്വകാല തിരുത്തലുകൾ |

| | | | |
|---|---|---|---|
| | | | ഇതിനകം നടപ്പാക്കി. ഇതിനുപുറമേ, നാറ്റ്പാക് കണ്ടെത്തിയ അതിതീവ്ര ബ്ലാക്ക് സ്പോട്ടുകളിൽ സ്ഥിരം തിരുത്തൽ സംവിധാനം ഏർപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.<br><br>നാഷണൽ ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളെ തുടർന്ന് ആറ് 'ലെയ്നിംഗ് സ്ട്രച്ചുകളിൽ', 'വർക്ക് സോൺ സേഫ്റ്റി' ഉറപ്പാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.<br><br>KSRTC വാഹനങ്ങൾ ഉൾപ്പെടുന്ന അപകടങ്ങൾ ഒരോ മാസവും കോർപ്പറേഷൻ വിലയിരുത്തുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ ഒരു കമ്മിറ്റിയും ഡിപ്പോകളിൽ ഒരു ടീമും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, അപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രയത്നിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി അവരെ അനുമോദിച്ചുവരുന്നു.<br><br>സംസ്ഥാനത്ത് എ.ഐ ക്യാമറകൾ ഉൾപ്പെടെയുള്ള എൻഫോഴ്സ്മെന്റ് നടപ്പാക്കുക വഴി വാഹന നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു.<br><br>വിവിധ നടപടികൾക്കൊപ്പം ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉറപ്പാക്കാൻ സാധിച്ചതുമൂലം റോഡപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം 2022ൽ 4317 എന്നത് 2023ൽ 4080 ആയും, 2024ൽ 3746 ആയും കുറയുകയുണ്ടായി.<br><br>ആക്സിഡന്റ് മോണിറ്ററിംഗും ബോധവൽക്കരണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിന് 'സിറ്റിസൺ സെന്റിനൽ ആപ്പ്' നടപ്പിലാക്കിയതുവഴി കഴിഞ്ഞിട്ടുണ്ട്. |
| (ബി) | വാഹനാപകടങ്ങൾ തടയാൻ ദേശീയപാത, ഗതാഗത, പൊതുമരാമത്ത് അധികൃതരുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>2023ൽ ചേർന്ന ഗതാഗത സുരക്ഷാ അവലോകന യോഗം സംസ്ഥാനത്തെ റോഡുകൾ ശാസ്ത്രീയമായി ഡിസൈൻ ചെയ്യേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിരുന്നു. അതോടൊപ്പം ഇത്തരം റോഡുകളുടെ നിർമ്മാണം അപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിന് പ്രധാന മാർഗ്ഗമാണെന്നും നിരീക്ഷിച്ചു.<br><br>ഭാവിയിൽ നിർമ്മിക്കുന്ന റോഡുകളും, ജംഗ്ഷനുകളും, പൊതുഗതാഗത സംവിധാനങ്ങളും ആസൂത്രണം ചെയ്യുന്നതിന് IRC, MoRTH മാനദണ്ഡങ്ങൾ പാലിക്കണമെന്ന് നിർദ്ദേശിച്ചു. |

ഇതിന്റെ വെളിച്ചത്തിൽ കൂടുതൽ അപകടമരണങ്ങൾ ഉണ്ടായിട്ടുള്ള സ്ഥലങ്ങൾ ഇതര വകുപ്പുകളുമായി ചേർന്ന് പരിശോധന നടത്തി അപകടങ്ങൾ ഒഴിവാക്കുന്നതിനുതകുന്ന റോഡ് സുരക്ഷാ മാർഗ്ഗങ്ങൾ നടപ്പാക്കിവരുന്നു.

തുടർച്ചയായി അപകടങ്ങൾ സംഭവിക്കുന്ന 'ബ്ലാക്ക് സ്പോട്ടുകൾ' അപകടരഹിതമാക്കുന്നതിന് 'ബ്ലാക്ക് സ്പോട്ട് മാനേജ്മെന്റ് സ്റ്റഡി' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

ബ്ലാക്ക്സ്പോട്ട് ഇടനാഴികളിൽ ഹ്രസ്വകാല തിരുത്തൽ പ്രവർത്തികളും, ഗതാഗത നിയമ ലംഘനങ്ങൾ തടയുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

പൊതുമരാമത്ത് റോഡുകളിലെ 93 ബ്ലാക്ക്സ്പോട്ടുകളിൽ ഹ്രസ്വകാല തിരുത്തലുകൾ ഇതിനകം നടപ്പാക്കി. ഇതിനുപുറമേ, നാറ്റ്പാക് കണ്ടെത്തിയ അതിതീവ്ര ബ്ലാക്ക് സ്പോട്ടുകളിൽ സ്ഥിരം തിരുത്തൽ സംവിധാനം ഏർപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

നാഷണൽ ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളെ തുടർന്ന് ആറ് 'ലെയ്നിംഗ് സൂച്ചുകളിൽ', 'വർക്ക് സോൺ സേഫ്റ്റി' ഉറപ്പാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

KSRTC വാഹനങ്ങൾ ഉൾപ്പെടുന്ന അപകടങ്ങൾ ഒരോ മാസവും കോർപ്പറേഷൻ വിലയിരുത്തുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ ഒരു കമ്മിറ്റിയും ഡിപ്പോകളിൽ ഒരു ടീമും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, അപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രയത്നിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി അവരെ അനുമോദിച്ചുവരുന്നു.

സംസ്ഥാനത്ത് എ.ഐ ക്യാമറകൾ ഉൾപ്പെടെയുള്ള എൻഫോഴ്സ്മെന്റ് നടപ്പാക്കുക വഴി വാഹന നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു.

വിവിധ നടപടികൾക്കൊപ്പം ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉറപ്പാക്കാൻ സാധിച്ചതുമൂലം റോഡപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം 2022ൽ 4317 എന്നത് 2023ൽ 4080 ആയും, 2024ൽ 3746 ആയും കുറയുകയുണ്ടായി.

ആക്സിഡന്റ് മോണിറ്ററിംഗും ബോധവൽക്കരണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിന് 'സിറ്റിസൺ

| | | | |
|---|---|---|---|
| | | | സെന്റിനൽ ആപ്പ് നടപ്പിലാക്കിയതുവഴി കഴിഞ്ഞിട്ടുണ്ട്. |
| (സി) | മദ്യപിച്ച് വാഹനമോടിക്കുന്നതിനെതിരെ ജാഗ്രത പാലിക്കുന്നതിനും രാത്രികാല വാഹനപരിശോധന കർശനമാക്കുന്നതിനും ആഭ്യന്തര വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ഉണ്ട്.<br><br>"Operation Road Safety" എന്ന പേരിൽ മോട്ടോർ വാഹനവകുപ്പുമായി ചേർന്ന് മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. രാത്രികാലങ്ങളിൽ ഇത്തരം നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി നൈറ്റ് എൻഫോഴ്സ്മെന്റ് പട്രോളിംഗ്, ഹൈവേ പട്രോളിംഗ്, മൊബൈൽ പട്രോളിംഗ് എന്നിവ നടത്തിവരുന്നു.<br><br>വിശേഷാവസരങ്ങളിൽ പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്ത പരിശോധനകളും നടത്തുന്നുണ്ട്. |
| (ഡി) | സ്വകാര്യബസുകൾ, ലോറികൾ എന്നിവയുടെ അമിത വേഗത്തിന് വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ നിയന്ത്രണമേർപ്പെടുത്തുന്നതിനും ഗതാഗത നിയമപരിപാലനം കർശനമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | ഉണ്ട്.<br><br>സംസ്ഥാനത്ത് സ്കൂൾ സമയത്തും/തിരക്കുള്ള മറ്റു സമയങ്ങളിലും ചരക്കു വാഹനങ്ങൾക്ക് രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകുന്നേരം 3 മണി മുതൽ 5 മണി വരെയും പ്രധാന നിരത്തുകളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>ജില്ലാ പോലീസ് മേധാവികൾ, ആർടിഒ (എൻഫോഴ്സ്മെന്റ്), റവന്യൂ, ലീഗൽ മെട്രോളജി, മൈനിംഗ് ആൻഡ് ജിയോളജി എന്നീ വകുപ്പുകളിലെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഓവർ ലോഡിംഗ് ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കിവരുന്നു.<br><br>സ്വകാര്യബസ്സുകൾ, ലോറികൾ എന്നിവയുടെ അമിതവേഗത്തിന് നിയന്ത്രണമേർപ്പെടുത്തുന്നതിനും ഗതാഗത നിയമപരിപാലനം കർശനമാക്കുന്നതിനുമുള്ള നടപടികളും ഇതോടൊപ്പം സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ